പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 494** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>നേമം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. രാജീവ് ചന്ദ്രശേഖർ | ശ്രീ. സണ്ണി ജോസഫ്<br>(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) |

**(എ)** നേമം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പേര്, ആയതിനായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

**<u>മറുപടി:</u>** **<u>കെ.എസ്.ഇ.ബി.എൽ.</u>**

**<u>പ്രസരണ മേഖലയിലെ പ്രവൃത്തികൾ</u>**

നേമം നിയോജക മണ്ഡലത്തിൽ പ്രസരണ മേഖലയിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല. എന്നാൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പാമാംകോട് നിർമ്മിക്കാനുദ്ദേശിക്കുന്ന 110കെ.വി. നേമം സബ്സ്റ്റേഷന്റെ പ്രയോജനം നേമം നിയോജക മണ്ഡലത്തിലെ ഉപഭോക്താക്കൾക്കും ലഭ്യമാകുന്നതാണ്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് 28.15 കോടി രൂപയുടെ ഭരണാനുമതി കെ എസ് ഇ ബി എൽ നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായിട്ടുള്ള ഭൂമി വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

പദ്ധതി 31.12.2028-ന് മുമ്പായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

**<u>വിതരണമേഖലയിലെ പ്രവൃത്തികൾ</u>**

നേമം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന വിതരണ വിഭാഗത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു.

പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2027 ഡിസംബറോടു കൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

കെ.എസ്.ഇ.ബി.എൽ നേമം സെക്ഷൻ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ചാർജിംഗ് സ്റ്റേഷനിൽ ഉയർന്ന ശേഷിയുള്ള ചാർജറുകൾ സ്ഥാപിച്ച് നവീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ PM E-DRIVE പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>അനെർട്ട്</u>**

നേമം നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു.

2024-25 കാലയളവിൽ അനെർട്ടിന്റെ ഇ-മൊബിലിറ്റി പദ്ധതി പ്രകാരം ശ്രീ. ജോൺസൺ ഡാനിയേൽഎന്ന വ്യക്തി പബ്ലിക് ഇ-കാർ ചാർജിംഗ് സ്റ്റേഷനോടൊപ്പം 50 kW സൗരോർജ്ജ സംവിധാനം സ്ഥാപിച്ചതിന് സംസ്ഥാന സർക്കാരിന്റെ ധനസഹായമായി Rs.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും.

**(ബി)** പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകും എന്നത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

## നേമം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന വിതരണ വിഭാഗത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക (കോടിയിൽ) | നിലവിലെ പ്രവർത്തന പുരോഗതി | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 (കെഎസ്ഇബി തനതുഫണ്ടിൽ നിന്നും 2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന പ്ലാൻ പദ്ധതി) | 32.01 | 53% പൂർത്തീകരിച്ചു | എച്ച്.റ്റി ലൈൻ നിർമ്മാണം, എൽ.റ്റി ലൈൻ നിർമ്മാണം, എൽ.റ്റി റീകണ്ടക്ടറിങ്, എച്ച്.റ്റി റീകണ്ടക്ടറിങ്, ട്രാൻസ്ഫോർമർ ഇൻസ്റ്റാലേഷൻ, ട്രാൻസ്ഫോർമർ എൻഹാൻസ്മെന്റ്. |
| 2 | പി.പി.എസ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ) | 0.627 | 50% പൂർത്തീകരിച്ചു | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വർക്ക്, പോസ്റ്റ് ഷിഫ്റ്റിങ് വർക്ക്. |
| 3 | ആർഡിഎസ്എസ് (കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി) | 3.59 കോടി | 21% പൂർത്തീകരിച്ചു | യു.ജി കേബിൾ എച്ച്.ടി ലൈൻ, എ.ബി.സി റീകണ്ടക്ടറിംഗ് എച്ച്.റ്റി ലൈൻ നിർമ്മാണം, എൽ.റ്റി ലൈൻ നിർമ്മാണം<br>എൽ.റ്റി റീകണ്ടക്ടറിങ്, എച്ച്.റ്റി റീകണ്ടക്ടറിങ്, ട്രാൻസ്ഫോർമർ ഇൻസ്റ്റാലേഷൻ, ട്രാൻസ്ഫോർമർ എൻഹാൻസ്മെന്റ് |

അനുബന്ധം-2

## നേമം നിയോജക മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം. | പദ്ധതി | സ്ഥാപനം | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 35 കിലോവാട്ട് ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയം | വിദ്യാധിരാജാ ഹോമിയോ മെഡിക്കൽ കോളേജ്, നേമം | 21,56,220/- | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വർക്ക് ഓർഡർ നൽകുന്ന ഘട്ടത്തിലാണ് |
| 2 | 10 കിലോവാട്ട് ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയം | ട്രാവൻകൂർ ടെക്സ്റ്റയിൽസ് ഹാൻഡ് ലൂം വീവേർസ് സൊസൈറ്റി , നേമം | 7,64,500/- | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വർക്ക് ഓർഡർ നൽകുന്ന ഘട്ടത്തിലാണ് |